ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 26.12.2024** | **പ്രധാന വാർത്തകൾ** | **TIME : 07.25 AM**

1. അക്ഷര കുലപതി എംടി വാസുദേവൻ നായർ അന്തരിച്ചു ; എം ടി യുടെ വിയോഗത്തിൽ സംസ്ഥാനത്ത് ഇന്നും നാളെയും ഔദ്യോഗിക ദുഃഖാചരണം.

   **Legendery Malayalam writer M T Vasudevan Nair passes away ; Kerala Govt declares two-day mourning.**

2. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന വീർ ബാൽ ദിവസ് പരിപാടിയെ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് അഭിസംബോധന ചെയ്യും.

   **Prime Minister Narendra Modi will participate in Veer Baal Diwas programme, at Bharat Mandapam in New Delhi today.**

3. പ്രധാൻമന്ത്രി രാഷ്ട്രീയ ബാൽ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിൽ സമ്മാനിക്കും.

   **President Droupadi Murmu to confer the 'Pradhan Mantri Rashtriya Bal Puraskar' in New Delhi .**

4. ശബരിമല മണ്ഡലകാല തീർഥാടനത്തിന് ഇന്ന് സമാപനം.

   **Sabarimala Mandalakala pilgrimage concludes today.**

5. ഐസിസി പുരുഷ ടെസ്റ്റ് ബൗളിംഗ് റാങ്കിംഗിൽ ശ്രദ്ധേയ നേട്ടം കൈവരിച്ച് ഇന്ത്യൻ താരം ജസ്പ്രീത് ബുംറ.

   **Indian bowler, Jasprit Bumrah achieves remarkable feat in the ICC Men's test bowling rankings.**

***********************************

## M T VASUDEVAN NAIR

മലയാളത്തിന്റെ അതുല്യപ്രതിഭ എം.ടി. വാസുദേവൻ നായർ അന്തരിച്ചു. കോഴിക്കോട്ടെ ആശുപത്രിയിൽ ഹൃദയ സംബന്ധമായ അസുഖത്തെ തുടർന്ന് ചികിത്സയിലിരിക്കെ ഇന്നലെ രാത്രിയോടെയായിരുന്നു അന്ത്യം. നോവൽ, ചെറുകഥ തുടങ്ങി എഴുത്തിൻറെ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച അദ്ദേഹം ചലച്ചിത്ര സംവിധായകൻ, തിരക്കഥാകൃത്ത്, പത്രാധിപർ എന്നീ നിലകളിലും ശ്രദ്ധേയനാണ്. എംടിയുടെ ഭൗതിക ദേഹം വൈകുന്നേരം നാലു വരെ കോഴിക്കോട് നടക്കാവിലെ വസതിയിൽ പൊതുദർശനത്തിന് വയ്ക്കും. ഇന്നലെ രാത്രി മുതൽ തന്നെ സമൂഹത്തിലെ നാനാതുറയിൽ ഉള്ളവർ അന്ത്യാഞ്ജലി അർപ്പിക്കാൻ എത്തുന്നുണ്ട്. ഭൗതിക ദേഹം വൈകുന്നേരം അഞ്ചിന് മാവൂർ റോഡ് ശ്മശാനത്തിൽ സംസ്കരിക്കും. എം ടി യുടെ വിയോഗത്തിൽ അനുശോചിച്ച് ആദര സൂചകമായി സംസ്ഥാന സർക്കാർ ഇന്നും നാളെയും ഔദ്യോഗികമായി ദുഃഖം ആചരിക്കും. ഇന്ന് ചേരാനിരുന്ന മന്ത്രിസഭായോഗം ഉൾപ്പെടെ എല്ലാ സർക്കാർ പരിപാടികളും മാറ്റിവെച്ചു. ഇന്നും നാളെയും നടത്താനിരുന്ന താലൂക്ക് തല പരാതി പരിഹാര അദാലത്തുകളും മാറ്റിവെച്ചു.

*********************************************

## M T DESK (INTRO)

മലയാള സാഹിത്യത്തിന്റെ പെരുന്തച്ചൻ, നിളയുടെ കഥാകാരൻ, സാഹിത്യ കുലപതി തുടങ്ങി നിരവധി വിശേഷണങ്ങൾ നേടിയ അതുല്ല്യ പ്രതിഭയായിരുന്നു എം ടി വാസുദേവൻ നായർ എന്ന എംടി. കാലത്തിന്റെ സങ്കീർണ്ണതകളും ജീവിതത്തിന്റെ സമസ്യകളും എഴുത്തിൽ പകർത്തി, വായനക്കാരെ ചിന്തിപ്പിക്കുകയും അതിശയിപ്പിക്കുകയും ചെയ്ത മലയാളത്തിന്റെ

എഴുത്താചാര്യൻ കൂടിയായ എംടി വിടവാങ്ങുമ്പോൾ ഒരു കാലഘട്ടം തന്നെയാണ് പടിയിറങ്ങുന്നത്. **ഒരു റിപ്പോർട്ട്............**

( വോയ്സ്)

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്ത് കൂടല്ലൂരിൽ 1933 ജൂലൈ 15-നാണ് മാടത്ത് തെക്കെപ്പാട്ട് വാസുദേവൻനായർ എന്ന എം.ടി.വാസുദേവൻനായർ ജനിച്ചത്. 1954 ൽ 'വളർത്തുമൃഗങ്ങൾ'എന്ന കഥയിലൂടെ ശ്രദ്ധേയനായ അദ്ദേഹം ഏഴ് പതിറ്റാണ്ടുകാലം അക്ഷര ലോകത്തിന് നൽകിയ സംഭാവന വിലമതിക്കാനാകാത്തതാണ്. ആദ്യമായി പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ച നോവൽ നാലുകെട്ടിനു തന്നെ കേരളാ സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു. 1963-64 കാലത്ത് സ്വന്തം കഥയായ 'മുറപ്പെണ്ണ്' തിരക്കഥയായെഴുതിയാണ് എം.ടി. ചലച്ചിത്രലോകത്തു പ്രവേശിച്ചത്. 1973-ൽ ആദ്യമായി സംവിധാനം ചെയ്ത 'നിർമാല്യം'എന്ന ചിത്രത്തിന് രാഷ്ട്രപതിയുടെ സ്വർണ്ണപ്പതക്കം ലഭിച്ചു. 1995 ൽ ജ്ഞാനപീഠ പുരസ്കാരവും 2005-ൽ പത്മഭൂഷണും നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചു. കേരള ജ്യോതി പുരസ്കാരം, ജെ.സി. ദാനിയേൽ പുരസ്കാരം, എഴുത്തച്ഛൻ പുരസ്കാരം, വയലാർ അവാർഡ്, വള്ളത്തോൾ പുരസ്കാരം ഉൾപ്പെടെ നിരവധി അവാർഡുകൾ നേടിയിരുന്നു. മഞ്ഞ്, കാലം, നാലുകെട്ട്, അസുരവിത്ത്, വിലാപയാത്ര, പാതിരാവും പകൽ വെളിച്ചവും, രണ്ടാമൂഴം, വാരണാസി എന്നിവയാണ് നോവലുകൾ. ഇരുട്ടിന്റെ ആത്മാവ്, ഓളവും തീരവും, സ്വർഗ്ഗം തുറക്കുന്ന സമയം, വാനപ്രസ്ഥം, രക്തം പുരണ്ട മൺ തരികൾ, നിന്റെ ഓർമ്മയ്ക്ക്, ചെറിയ ചെറിയ ഭൂകമ്പങ്ങൾ, പെരുമഴയുടെ പിറ്റേന്ന്, തുടങ്ങിയ കഥകൾ ശ്രദ്ധേയമാണ്.

*********************************

## MT FILM (INTRO)

എഴുത്തുകാരൻ എന്നതിന് ഒപ്പം തിരക്കഥാകൃത്ത്, സംവിധായകൻ എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച അതുല്യ പ്രതിഭയായിരുന്നു എം ടി വാസുദേവൻ നായർ. അമ്പതിലേറെ തിരക്കഥകളാണ് എം ടി രചിച്ചത്. നാല് തവണ മികച്ച തിരക്കഥയ്ക്കുള്ള ദേശീയപുരസ്കാരം ലഭിച്ചു. ആറ് ചലച്ചിത്രങ്ങളും രണ്ട് ഡോക്യുമെന്ററികളും അദ്ദേഹം സംവിധാനം ചെയ്തിട്ടുണ്ട്. നിർമാല്യം, മുറപ്പെണ്ണ്, സദയം, സുകൃതം, ഇരുട്ടിന്റെ ആത്മാവ്, ഓളവും തീരവും, പെരുന്തച്ചൻ, ഒരു വടക്കൻ വീരഗാഥ എന്നിങ്ങനെ എം ടി സമ്മാനിച്ചത് മലയാളത്തിന് പകരം വയ്ക്കാൻ ആകാത്ത ചലച്ചിത്രങ്ങളാണ്.

(വോയിസ്)

********************************

## M T -CONDOLENCES

എം.ടി-യുടെ നിര്യാണത്തിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, രാഷ്ട്രീയ-സാംസ്കാരിക-ചലചിത്ര മേഖലയിലെ പ്രമുഖർ തുടങ്ങിയവർ അനുശോചിച്ചു. സാഹിത്യത്തെയും സിനിമയെയും പത്രപ്രവർത്തനത്തെയും ഒരുപോലെ സമ്പന്നമാക്കിയ ബഹുമുഖ പ്രതിഭയായിരുന്നു എം ടി എന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ അനുസ്മരിച്ചു. മലയാള സാഹിത്യത്തെ ലോകസാഹിത്യത്തിന്റെ നെറുകയിൽ എത്തിച്ച പ്രതിഭയെയാണ് എം ടിയുടെ വിയോഗത്തിലൂടെ നഷ്ടമായിരിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചന സന്ദേശത്തിൽ പറഞ്ഞു.

********************************

## PM – VEER BAAL DIWAS

ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഇന്ന് നടക്കുന്ന വീർ ബാൽ ദിവസ് പരിപാടിയെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിസംബോധന ചെയ്യും. പരിപാടിയിൽ പോഷകാഹാര സേവനങ്ങളുമായി ബന്ധപ്പെട്ട 'സുപോഷിത് ഗ്രാമപഞ്ചായത്ത് അഭിയാൻ' പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. 2022-ലാണ് ഗുരു ഗോബിന്ദ് സിംഗിന്റെ മക്കളുടെ ധീരതയെ അനുസ്മരിച്ച് എല്ലാവർഷവും ഡിസംബർ 26 വീർ ബാൽ ദിവസ് ആയി ആചരിക്കുമെന്ന് പ്രധാനമന്ത്രി പ്രഖ്യാപിച്ചത്.

*********************************

## PRESIDENT – BAL PURASKAR

പ്രധാൻമന്ത്രി രാഷ്ട്രീയ ബാൽ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിൽ സമ്മാനിക്കും. ഈ വർഷം 14 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും നിന്നായി 17 കുട്ടികളാണ് വിവിധ മേഖലകളിലെ അതുല്യ സംഭാവനകൾക്കുള്ള പ്രധാനമന്ത്രിയുടെ ബാല പുരസ്കാരത്തിന് അർഹരായത്.

*********************************

## EPFO– MEMBERS

ഈ വർഷം ഒക്ടോബർ വരെയുള്ള കണക്കുകൾ പ്രകാരം 13 ലക്ഷത്തി 41,000 പേർ, എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷനിൽ രജിസ്റ്റർ ചെയ്തതായി കേന്ദ്ര തൊഴിൽ മന്ത്രാലയം. ഈ ഒക്ടോബറിൽ മാത്രം 7 ലക്ഷത്തി 50,000 പേർ പുതുതായി ഇപിഎഫ്ഒ യുടെ ഭാഗമായതായും സ്ഥിരീകരിച്ചിട്ടുണ്ട്.

*********************************

**BREAK……..**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്…

***********************************

**EARLY – PM SVAMITVA**

SVAMITVA പദ്ധതിക്ക് കീഴിലുള്ള 58 ലക്ഷം പ്രോപ്പർട്ടി കാർഡുകൾ പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ വിതരണം ചെയ്യും. പദ്ധതിഗുണഭോക്താക്കളുമായി സംവദിക്കുന്ന ശ്രീ മോദി, ഓരോ വസ്തു ഉടമയ്ക്കും അവകാശരേഖ കൈമാറും. ഭൂവുടമകൾക്ക് വസ്തുവിൻറെ ഈടിന്മേൽ വായ്പകൾ സാധ്യമാക്കാനും സ്വത്തുതർക്കങ്ങൾ കുറയ്ക്കാനും പദ്ധതി സഹായിക്കും.

***********************************

**PM KEN-BETWA PROJECT … INTRO**

കെൻ-ബെത്വാ ദേശീയ നദി-സംയോജന പദ്ധതിയുടെ തറക്കല്ലിടൽ പ്രധാനമന്ത്രി നരേന്ദ്ര മോദി മധ്യ പ്രദേശിലെ ഖജുരാഹോയിൽ നിർവഹിച്ചു. പദ്ധതിയിലൂടെ 8 ലക്ഷം ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ലഭിക്കുമെന്നും മധ്യപ്രദേശിലെ 10 ജില്ലകളിലെ രണ്ടായിരം ഗ്രാമങ്ങളിലെ കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു. ചടങ്ങിൽ രാജ്യത്തെ ആദ്യ ഓംകാരേശ്വർ ഫ്ലോട്ടിങ് സോളാർ പദ്ധതിയുടെ ഉത്ഘാടനവും അദ്ദേഹം നിർവഹിച്ചു.

(വോയിസ്….)

***********************************

**SABARIMALA**

ശബരിമലയിൽ 41 ദിവസം നീണ്ടുനിന്ന മണ്ഡലകാല തീർഥാടനത്തിന് ഇന്ന് സമാപനമാകും. ഉച്ചയ്ക്ക് 12നും നും

12.30 ഇടക്കുള്ള മുഹൂർത്തത്തിൽ തന്ത്രി കണ്ഠര് രാജീവരുടെ കാർമികത്വത്തിൽ മണ്ഡലപൂജ നടക്കും. മകരവിളക്ക് മഹോത്സവത്തിനായി ഈമാസം 30ന് വീണ്ടും നട തുറക്കും. അടുത്ത മാസം 14-നാണ് മകരവിളക്ക്. തിരക്ക് നിയന്ത്രണത്തിന്റെ ഭാഗമായി വെർച്വൽ ക്യൂ വഴി 60,000 പേർക്കും തത്സമയ ബുക്കിംഗ് വഴി 5,000 പേർക്കുമാണ് ഇന്ന് ദർശനം അനുവദിച്ചിട്ടുള്ളത്. വൈകുന്നേരം ഏഴിനുശേഷം തീർഥാടകർക്ക് പമ്പയിൽ നിന്ന് സാന്നിധാനത്തേയ്ക്ക് പ്രവേശനം അനുവദിക്കില്ല.

*********************************

## REV SHAH – AGRICULTURE COOPERATIVE

സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയ്ക്ക് കേന്ദ്ര സർക്കാർ കൂടുതൽ കരുത്ത് പകരുകയാണെന്ന് കേന്ദ്ര സഹകരണ മന്ത്രി അമിത് ഷാ. പുതുതായി സ്ഥാപിതമായ പതിനായിരത്തിലധികം വിവിധോദ്ദേശ്യ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, ക്ഷീര -മത്സ്യ വിഭവ സഹകരണ സംഘങ്ങൾ എന്നിവ രാജ്യത്തിന് സമർപ്പിക്കുകയായിരുന്നു അദ്ദേഹം.

*********************************

## ICC RANKING

ഇന്ത്യൻ ക്രിക്കറ്റ് താരം ജസ്പ്രീത് ബുംറക്ക് ഐസിസി പുരുഷ ടെസ്റ്റ് ബൗളിംഗ് റാങ്കിംഗിൽ ശ്രദ്ധേയമായ നേട്ടം. ഒരു ഇന്ത്യൻ ബൗളർ നേടിയ ഏറ്റവും ഉയർന്ന റേറ്റിംഗ് ആയ 904 പോയിന്റിന് ബുംറ അർഹനായി. നേരത്തെ ഈ റെക്കോർഡ് സ്പിന്നർ രവിചന്ദ്രൻ അശ്വിന്റെ പേരിലായിരുന്നു. ബ്രിസ്ബേനിൽ 94 റൺസ് വഴങ്ങി 9 വിക്കറ്റ് വീഴ്ത്തിയ ബുംറയുടെ മികച്ച പ്രകടനം ടെസ്റ്റ് ബൗളിംഗ് റാങ്കിംഗിൽ തന്റെ ഒന്നാം സ്ഥാനം ഉറപ്പിച്ചു.

*********************************

## CRICKET-IND-AUS

ഇന്ത്യ -ഓസ്ട്രേലിയ ബോർഡർ-ഗാവസ്കർ ട്രോഫി നാലാം ക്രിക്കറ്റ് ടെസ്റ്റ് മെൽബണിൽ പുരോഗമിക്കുന്നു. ടോസ് നേടി ബാറ്റിങ് തിരഞ്ഞെടുത്ത ഓസ്ട്രേലിയ ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഓസ്ട്രേലിയ ഒരു വിക്കറ്റ് നഷ്ടത്തിൽ 112 റൺസ് നേടിയിട്ടുണ്ട്.

******************************************************************************************************
*****************